സർക്കാർ ലക്ഷ്യമിടുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത വാർഷിക കുടുംബവരുമാനം 75,000 രൂപയിൽ താഴെയുള്ളവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(ബി&സി) താലൂക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം വില്ലേജ് ഓഫീസർമാർ, താലൂക്ക് തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ സർക്കാർ ഭൂമികളും മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കൂടി കണ്ടെത്തി പദ്ധതിക്കായി ഉപയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

ഭക്ഷണ വിപണന കേന്ദ്രങ്ങളുടെ ഗ്രേഡിംഗ്

16 (*106) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷണ പാനീയങ്ങളുടെ ഗുണം, അളവ്, വിപണന കേന്ദ്രങ്ങളിലെ സേവന സൗകര്യങ്ങൾ എന്നിവയ്ക്ക് ആനുകാലികമായി വില നിരക്ക് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഭക്ഷണ വിപണന കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന് അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ&ബി) ഭക്ഷണ വിപണന കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായോ വില നിരക്ക് നിയന്ത്രിക്കുന്നതിനായോ നിലവിൽ നിയമം ഒന്നുംതന്നെ ഇല്ല. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായുള്ള നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറായിവരുന്നു.

(സി) 3-1-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 02/2014/ടൂറിസം പ്രകാരം വിനോദ സഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസ്, യാത്രി നിവാസ്, കേരളാ ഹൗസ് എന്നിവിടങ്ങളിൽ പാകംചെയ്ത ഭക്ഷ്യവസ്തുക്കൾക്ക് വില ഏകീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.റ്റി.ടി.സി., ഡി.റ്റി.പി.സി. എന്നീ സ്ഥാപനങ്ങൾ ഫുഡ് സേഫ്റ്റി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്.

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം

17 (*107) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് പ്രതികൂലമായി നിലനിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) എന്നു മുതലാണ് ഭക്ഷ്യസുരക്ഷാ നിയമം രാജ്യത്ത് നടപ്പിലാക്കി തുടങ്ങിയത് എന്നും ഏതൊക്കെ സംസ്ഥാനങ്ങൾ ഇതേ വരെ അത് പൂർണ്ണമായി നടപ്പാക്കി എന്നും അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly